"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കരുനാഗപ്പള്ളി നഗരസഭ - 'ഓപ്പറേഷൻ ട്ടൂ ഹൗസ്" എന്ന പേരിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ.ഫൈസൽ.എ--യ്ക്കെതിരെ ആരംഭിച്ച അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2498/2025/LSGD തീയതി,തിരുവനന്തപുരം, 14-10-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യറോ ഡയക്ടറുടെ 24.12.2022 തീയതിയിലെ E3-(SC-98/2022/KLM ) 47103/2022/DVACB നമ്പർ കത്തും അനുബന്ധ രേഖകളും.
2. നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ.ഫൈസൽ.എ -യ്ക്ക് നൽകിയ 14.02.2025 തീയതിയിലെ ഇയു4/114/2023-തസ്വഭവ -നമ്പർ കുറ്റാരോപണ മെമ്മോ /പത്രിക.
3. ശ്രീ.ഫൈസൽ.എ സമർപ്പിച്ച 07.03.2025 തീയതിയിലെ പ്രതിവാദ പത്രിക.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 22.08.2025 തീയതിയിലെ LSGD/PD/26171/2023-VIGA4 നമ്പർ കത്ത്.

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാന വ്യാപകമായി "ഓപ്പറേഷൻ ട്ടൂ ഹൗസ്" എന്ന പേരിൽ സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും മിന്നൽ പരിശോധന നടത്തിയതിന്റെ ഭാഗമായി കരുനാഗപ്പള്ളി നഗരസഭയിലും 22.07.2022 തീയതിയിൽ മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. Sanchaya Software മുഖാന്തിരം കെട്ടിടങ്ങൾക്ക് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതിനും ഉപയോഗിക്കാത്ത വ്യാപാര സ്ഥാപനങ്ങൾക്ക് നികുതി ഒഴിവാക്കി നൽകുന്നതുമായി ബന്ധപ്പെട്ട ഉത്തരവുകൾ ഇറക്കുന്നതിനും മുനിസിപ്പൽ സെക്രട്ടറി ശ്രീ.ഫൈസലിന് എ-യുടെ USER ID, Password, Digital Signature എന്നിവ സെക്ഷൻ ക്ലാർക്ക് ശ്രീമതി.ഗംഗയാണ് ഉപയോഗിച്ച വരുന്നതെന്നും അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് വിഭാഗം 2016-17, 2017-18 കാലഘട്ടത്തിൽ കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിൽ ഓഡിറ്റ് നടത്തി നികതി പരിഷ്കരിക്കുന്നതിനായി ശിപാർശ ചെയ്തുകൊണ്ട് സമർപ്പിച്ചിരുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നികതി പരിഷ്കരണം നടത്തിയിട്ടുണ്ടായെന്നും എന്നാൽ Sanchaya Software-ലെ വിവരങ്ങൾ പരിശോധിച്ചതിൽ ശ്രീ.അഫ്സൽ ഫൈസലിന്റെ പേരിലുള്ള 17/453, 17/455, 17/456, 17/457, 17/458 എന്നീ കെട്ടിടങ്ങൾക്ക് യഥാക്രമം 15,861/-, 14,266/-, 15,861/-, 12,533/-, 20,126/- രൂപ വീതം 2014 മുതലുള്ള നികതി കുടിശ്ശിക ഉള്ളതായും ടി കുടിശ്ശിക കെട്ടിട ഉടമയിൽ നിന്നും ഈടാക്കാതെ കെട്ടിടങ്ങൾ ഉപയോഗിക്കുന്നില്ലായെന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ ടി കെട്ടിടങ്ങളുടെ 2021 ആദ്യ പാദത്തിലെ നികതി ഒഴിവാക്കി നൽകിയെന്നും ഓഡിറ്റ് റിപ്പോർട്ടിലെ ശിപാർശയിന്മേൽ നിയമനടപടി കൈക്കൊള്ളുന്നതിൽ

ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടുള്ളതായും മിന്നൽ പരിശോധനയിൽ കണ്ടെത്തിയിരുന്നു.

3. മേൽ കണ്ടെത്തിയ അപാകതകളുടെ അടിസ്ഥാനത്തിൽ നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ.ഫൈസൽ.എ(PEN-839939)-യിൽ നിന്നും വിശദീകരണം വാങ്ങി ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണെന്ന വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ശിപാർശയുടെ അടിസ്ഥാനത്തിൽ ടിയാനോട് വിശദീകരണം ആവശ്യപ്പെടുകയുണ്ടായി. ടിയാൻ സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ ടിയാൾക്കെതിരെ KCS(CC&A)Rules 1960, Rule 16 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം (2) പ്രകാരം, പ്രിൻസിപ്പൽ ഡയറക്ടർ മുഖേന, കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു.

4. തുടർന്ന് കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൻ സമർപ്പിച്ച പരാമർശം (3) പ്രതിവാദ പത്രികയിൽ, കൊറോണ ബാധിതയായി തന്റെ മാതാവ് മരണപ്പെടുകയും തുടർന്ന് താനും കൊറോണബാധിതനായി 14/02/2022 മുതൽ 22/02/2022 വരെ ഹോസ്പിറ്റലിൽ അഡ്മിറ്റായിരുന്നതായും ടി കാരണത്താൽ പ്രസ്തുത കാലയളവിൽ മറ്റൊരു ജീവനക്കാരന് ചാർജ് രേഖാമൂലം കൈമാറുക അസാധ്യമായതിനാൽ യാതൊരു അഴിമതിയും ഇല്ലാത്ത വിശ്വസ്തയായ ശ്രീമതി. ഗംഗ എന്ന സീനീയർ ക്ലാർക്കിന് ഡിജിറ്റൽ സിഗ്നേച്ചർ നൽകിയത് ഓഫീസ് പ്രവർത്തനം തടസ്സപ്പെടാതിരിക്കാനുള്ള ഏറ്റവും പ്രായോഗിക നടപടി മാത്രമായിരുന്നുവെന്ന് ടിയാൻ വിശദീകരിച്ചിരുന്നു.

5. കരുനാഗപ്പള്ളി നഗരസഭാ സെക്രട്ടറിയായി ജോലി ചെയ്തിരുന്നത് 07/12/2019 മുതൽ 09/09/2023 വരെയുള്ള കാലയളവിലാണെന്നും ടി ചുമതല ഏറ്റെടുക്കുമ്പോൾ കരുനാഗപ്പള്ളി നഗരസഭയുടെ നികുതി പരിഷ്കരണ പ്രവർത്തനങ്ങൾ പ്രാരംഭ ദശയിലായിരുന്നുവെന്നും ടി കാലയളവിൽ മിക്ക ദിവസങ്ങളിലും ലോക്ക്ഡൗൺ ആയതിനാൽ കെട്ടിടങ്ങൾ അളന്നു തിട്ടപ്പെടുത്തി നികുതി പരിഷ്കരണ പ്രവർത്തനങ്ങൾ നടത്തുന്നത് അപ്രായോഗികമായിരുന്നുവെന്നും വേക്കൻസി റെമിഷൻ അനുവദിക്കുമ്പോൾ നികുതി പരിഷ്കരണം പൂർത്തിയായിരുന്നില്ലെന്നും വേക്കൻസി റെമിഷൻ അനുവദിക്കുമ്പോൾ ഉള്ള നികുതി ഈടാക്കി വേക്കൻസി അനുവദിക്കുകയും പിന്നീട് നികുതി പരിഷ്കരണത്തിനു ശേഷം വർദ്ധിച്ച നികുതി ടി കെട്ടിടങ്ങൾക്ക് ഈടാക്കുകയും ചെയ്തിട്ടുള്ളതാണെന്നും രണ്ടാമത്തെ ആരോപണത്തിന് ശ്രീ.ഫൈസൽ.എ പ്രതിവാദ പത്രികയിൽ മറുപടി നൽകിയിരുന്നു.

6. ടിയാൾ സമർപ്പിച്ച പ്രതിവാദ പത്രികയിൻമേൽ പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള പരാമർശം (4) പ്രകാരം അഭിപ്രായറിപ്പോർട്ടിൽ, കുറ്റാരോപണ മെമ്മോയിൽ പറയുന്ന കെട്ടിടങ്ങൾക്ക് വേക്കൻസി റമിഷൻ അനുവദിച്ച തീയതിയിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള നികുതി ഈടാക്കിയിട്ടുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുള്ളതായും 12/01/2022 ലെ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി തീരുമാനം 15 പ്രകാരം (ഫയൽ നം. R1/5950/2021) നഗരസഭയിലെ 1 മുതൽ 35 വരെയുള്ള ഡിവിഷനുള്ളിലെ ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്ക് 2021 - 22 ഒന്നാം അർദ്ധവർഷത്തേക്ക് വേക്കൻസി റമിഷൻ അനുവദിക്കുന്നതിന് തീരുമാനിച്ചതിൻ പ്രകാരമാണ് മേൽ കെട്ടിടങ്ങൾക്ക് വേക്കൻസി റമിഷൻ അനുവദിച്ചിട്ടുള്ളതെന്നും ഈ വിഷയത്തിൽ ശ്രീ.ഫൈസൽ.എ സമർപ്പിച്ച പ്രതിവാദ പത്രികയിലെ വാദം അംഗീകരിക്കാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്..

7. ഹാജർ പുസ്തകം പരിശോധിച്ചതിൽ 14/02/2022 മുതൽ 22/02/2022 വരെ ടിയാൻ കോവിഡ് സ്പെഷ്യൽ കാഷ്വൽ ലീവിൽ പ്രവേശിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഈ

സമയത്ത് ഓഫീസിൽ സൂക്ഷിച്ചിരുന്ന ഡിജിറ്റൽ സിഗ്നേച്ചർ സെക്രട്ടറിയുടെ അറിവോടെയും സമ്മതത്തോടെയും ടിയാന്റെ നിർദ്ദേശാനുസരണം സെക്ഷൻ ക്ലാർക്കായ ശ്രീമതി. ഗംഗ സെക്രട്ടറിയുടെ ലോഗിനിൽ ഡിജിറ്റൽ സൈൻ ചെയ്തിട്ടുള്ളത് പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കാതിരിക്കാനും സദുദ്ദേശത്തോടുകൂടിയും ഉത്തമവിശ്വാസത്തോടുകൂടിയും ചെയ്ത പ്രവൃത്തിയാണെങ്കിലും IT (Amendment) Act 2008 സെക്ഷൻ 6, സെക്ഷൻ 11 എന്നിവ പ്രകാരവും സൂപ്പർവൈസറി ഉദ്യോഗസ്ഥൻ എന്ന നിലയിലും നഗരസഭാ സെക്രട്ടറിയായ ശ്രീ. ഫൈസൽ. എ സെക്ഷൻ ക്ലാർക്കായ ശ്രീമതി ഗംഗയെ ഡിജിറ്റൽ സിഗ്നേച്ചർ ചെയ്യുന്നതിന് നിയോഗിച്ചത് ശരിയായ നടപടിയായി കാണുന്നില്ലായെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

8. സർക്കാർ ഇക്കാര്യം ശ്രീ.ഫൈസൽ.എ സമർപ്പിച്ച പ്രതിവാദ പത്രിക, പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കുറ്റാരോപണ മെമ്മോയിലെ രണ്ടാമത്തെ ആരോപണമായ കെട്ടിടങ്ങൾക്ക് വേക്കൻസി റമിഷനുമായി ബന്ധപ്പെട്ട് ടിയാൻ സമർപ്പിച്ച വിശദീകരണം തൃപ്തികരമാണെന്ന് കാണുന്നു. എന്നാൽ ഒന്നാമത്തെ ആരോപണത്തിൽ സൂപ്പർവൈസറി ഉദ്യോഗസ്ഥൻ എന്ന നിലയിൽ നഗരസഭാ സെക്രട്ടറിയായ ശ്രീ. ഫൈസൽ. എ സെക്ഷൻ ക്ലാർക്കായ ശ്രീമതി ഗംഗയെ ഡിജിറ്റൽ സിഗ്നേച്ചർ ചെയ്യുന്നതിന് നിയോഗിച്ചത് ശരിയായ നടപടി അല്ലാത്തതിനാൽ പ്രസ്തുത വിഷയത്തിൽ ടിയാന് വീഴ്ച സംഭവിച്ചതായി കാണുന്നു.

9. ആയതിനാൽ കരുനാഗപ്പള്ളി നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ. ഫൈസൽ. എ-യ്ക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി, Rule 11(iii) പ്രകാരം ടിയാളുടെ ഒരു വാർഷിക ഇൻക്രിമെൻറ് 6 മാസത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ശ്രീ. ഫൈസൽ. എ , മുൻ നഗരസഭ സെക്രട്ടറി, കരുനാഗപ്പള്ളി നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം. (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/114/2023-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 15-10-2025 10:53:57
സെക്ഷൻ ഓഫീസർ